**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1991** **16-03-2022 - ൽ മറുപടിയ്ക്ക്**

**കമ്പനി/ബോർഡ്/കോർപ്പറേഷൻ അസിസ്റ്റൻറ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പി.എസ്.സി.യുടെ കമ്പനി/ബോർഡ്/ കോർപ്പറേഷൻ അസിസ്റ്റൻറ് തസ്തികകളിലേക്കുള്ള ഒന്നാം റാങ്ക് ലിസ്റ്റിലും രണ്ടാം റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളവരിൽ ഭൂരിഭാഗവും ഒരേ ഉദ്യോഗാർത്ഥികൾ തന്നെ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമൂലം രണ്ടാം ലിസ്റ്റിൽ നാനൂറിലധികം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമന ശുപാർശ അയച്ചതല്ലാതെ നിയമനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഒന്നാം റാങ്ക് ലിസ്റ്റിൽ നിന്നും രണ്ടാം റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര വീതം ആണെന്ന് അറിയിക്കാമോ; | (സി) | കാറ്റഗറി നമ്പർ 399/2017 ൽ നിന്ന് 2821 ഉദ്യോഗാർത്ഥികൾക്കും, 400/2017 ൽ നിന്ന് 1148 ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ഡി) | ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി പൂർത്തിയാകുന്നത് എന്നാണെന്ന് അറിയിക്കുമോ; | (ഡി) | ടി രണ്ട് റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 30/12/2022 ന് അവസാനിക്കും. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളും/NJD ഒഴിവുകളും യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ നിയമന ശിപാർശ പി.എസ്.സി നൽകുന്നുണ്ട്. |
| (ഇ) | റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ കഠിനമായ തയ്യാറെടുപ്പുകൾ നടത്തി റാങ്ക് പട്ടികകളിൽ ഇടം നേടിയ ഉദ്യോഗാർത്ഥികളിൽ പരമാവധി പേർക്ക് നിയമനം | (ഇ) | ടി രണ്ട് റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 30/12/2022 ന് അവസാനിക്കും. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളും/NJD ഒഴിവുകളും |

| | | | |
|---|---|---|---|
| | നൽകുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ നിയമന ശിപാർശ പി.എസ്.സി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ